**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4261** **12.11.2019-ൽ മറുപടിക്ക്**

**കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ വൈദ്യുതി വിതരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) കഞ്ചിക്കോട്ടെ വ്യവസായ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന വൈദ്യുതി പ്രതിസന്ധികളും തുടർച്ചയായി ഉണ്ടാകുന്ന വൈദ്യുതി വിതരണ തടസ്സങ്ങളും കാരണം വ്യവസായ യൂണിറ്റുകൾ സാമ്പത്തിക നഷ്ടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി അഡീഷണൽ സബ് സ്റ്റേഷൻ, അണ്ടർ ഗ്രൗണ്ട് കേബിളിംഗ് എന്നിവ ആരംഭിക്കുന്ന കാര്യത്തിലുള്ള പുരോഗതി വിശദമാക്കാമോ;<br><br>(ബി) കഞ്ചിക്കോട്ടെ വ്യവസായ മേഖലയിലെ വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) & (ബി) കഞ്ചിക്കോട്ടെ ഇൻഡസ്ട്രിയൽ ഫോറവുമായി നടത്തിയ മീറ്റിങ്ങിൽ പാലക്കാട് ന്യൂ ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ഏരിയയിൽ ഉള്ള പാലക്കാട് റബ്ബർ എന്ന സ്ഥാപനത്തിന്റെ പരിസര പ്രദേശങ്ങളിൽ ആവശ്യപ്പെടുന്ന ലോഡ് നൽകുവാൻ നിലവിലുള്ള സാഹചര്യം വച്ച് ബുദ്ധിമുട്ടുള്ളതിനാൽ പ്രസ്തുത പ്രദേശത്ത് ഒരു 110 കെ.വി സബ്സ്റ്റേഷൻ പണിയണമെന്ന് നിർദ്ദേശം വന്നിരുന്നു. ഇതിനായി ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്ററിനെ സമീപിച്ചുവെങ്കിലും, ലാന്റ് നൽകുവാൻ സമ്മതം അറിയിക്കാത്തതുകൊണ്ട് ഈ പദ്ധതിയുടെ പ്രൊപ്പോസൽ ബോർഡിനു സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ നിലവിലുള്ള 22 കെ.വി ലൈനുകളുടെ പ്രസരണ തടസ്സങ്ങൾ ഒഴിവാക്കാൻ കിൻഫ്രയുടെ സ്ഥലത്ത് ഒരു 110 കെ.വി സബ്സ്റ്റേഷൻ കൂടെ പണിയണമെന്ന നിർദ്ദേശവും പരിഗണനയിലുണ്ട്. ഈ പ്രൊപ്പോസലുകൾ എല്ലാം ഉൾക്കൊള്ളിച്ച് ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ